കോഴിക്കോട് സർവ്വകലാശാലാ കാമ്പസിലെ വിദ്യാർത്ഥികൾക്ക് മതിയായ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി

125(3043) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് ; ഇത് സർവ്വകലാശാല അധികൃതർ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) കാമ്പസിലെ റെഗുലർ വിദ്യാർത്ഥികൾക്ക് നിലവിൽ മതിയായ ഹോസ്റ്റൽ സൗകര്യമുണ്ടോ ; നിശ്ചിത എണ്ണത്തിൽ കൂടുതൽ കുട്ടികൾ ഇപ്പോൾ ഹോസ്റ്റലിൽ കഴിയുന്നുണ്ടോ ;

(സി) അപേക്ഷ നൽകിയ എത്ര റെഗുലർ വിദ്യാർത്ഥികൾക്ക് ഇനിയും ഹോസ്റ്റൽ സൗകര്യം നൽകാനുണ്ട് ; ഇവർക്ക് എന്നത്തേയ്ക്ക് ഹോസ്റ്റൽ സൗകര്യം നൽകാനാവുമെന്ന് വിശദമാക്കാമോ ;

ഉത്തരം

(എ) സ്വാശ്രയ-കായിക വിദ്യാർത്ഥികൾക്ക് പുരുഷ ഹോസ്റ്റലിൽ റെഗുലർ/എയ്ഡഡ് വിദ്യാർത്ഥികൾക്കൊപ്പം താമസ സൗകര്യം നൽകുമെന്നും പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്വാശ്രയ ഫണ്ട് ഉപയോഗിച്ച് പ്രത്യേക ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണമെന്നുമാണ് എസ്.എഫ്.ഐ-യുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിന്റെ പ്രധാന ആവശ്യം. കായിക വകുപ്പിലെ സമയക്രമം അനുസരിച്ച് (രാവിലെ 6.30 മുതൽ 8.30 വരെയും, വൈകുന്നേരം 3.30 മുതൽ 6.30 വരെയും) പരിശീലനം നടക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. കായിക വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഏർപ്പെടുത്തിയിരുന്ന സർവ്വകലാശാല ക്വാർട്ടേഴ്സ് താമസയോഗ്യമല്ലാതായതിനെതുടർന്ന് പുരുഷ ഹോസ്റ്റലിൽ താമസ സൗകര്യം ഏർപ്പെടുത്തുകയാണ് സർവ്വകലാശാല ചെയ്തത്.

(ബി) പരമാവധി 878 വിദ്യാർത്ഥികൾക്ക് താമസിക്കാവുന്ന വനിതാ ഹോസ്റ്റലിൽ 361 സ്വാശ്രയ വിദ്യാർത്ഥികൾ ഉൾപ്പെടെ 1128 പേർ താമസിക്കുന്നുണ്ട്. 376 പേർക്ക് താമസിക്കാവുന്ന പുരുഷ ഹോസ്റ്റലിൽ 47 സ്വാശ്രയ കായിക വിദ്യാർത്ഥികൾ ഉൾപ്പെടെ 376 പേർ താമസിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

28-10-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പങ്കെടുത്തവർ ഹോസ്റ്റലുകളുടെ അവസ്ഥ ദയനീയമായതിനാൽ അവ അടിയന്തരമായി പുതുക്കി പണിയണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. കായിക വിദ്യാർത്ഥികളെ ഗസ്റ്റ് ഹൗസിൽ താമസിപ്പിക്കാനും പൊതു മെസ് സൗകര്യം ഉപയോഗിക്കാനും ധാരണയായിട്ടുണ്ട്. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ നിർമ്മാണത്തിനും നവീകരണത്തിനും വേണ്ടി സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസലിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) പുരുഷ ഹോസ്റ്റലിൽ താമസിക്കുന്ന 47 സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് നവീകരിച്ച ഗസ്റ്റ് ഹൗസിന്റെ പഴയ ബ്ലോക്ക് അനുവദിച്ച് സർവ്വകലാശാല ഉത്തരവായിട്ടുണ്ട്. ഇവർ മാറുന്നതോടെ അപേക്ഷ നൽകിയിട്ടുള്ള 44 റെഗുലർ വിദ്യാർത്ഥികൾക്കുകൂടി പുരുഷ ഹോസ്റ്റലിൽ താമസ സൗകര്യം നൽകാൻ കഴിയും.

പോളിസ്ലീമിൽ വർക്ക്ഷോപ്പ് സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ

126(3044) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 4-11-2003-ലെ സ.ഉ. (ആർ‌ടി.)നമ്പർ 1540/2003/(ഉന്നത വിദ്യാഭ്യാസം) പ്രകാരം യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടുകൾക്ക് വിധേയമായി പോളിസ്ലീമിൽ വർക്ക്ഷോപ്പ് സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നടത്തിയിട്ടുണ്ടോ ;

(ബി) നിലവിൽ അപ്രകാരം പ്രൊമോഷൻ നടക്കുന്നുണ്ടോ ; ഇല്ലാത്തപക്ഷം ആയതിന്റെ കാരണം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പോളിസ്ലീമിൽ വർക്ക്ഷോപ്പ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നത് വകുപ്പിന്റെ സ്പെഷ്യൽ റൂൾ വ്യവസ്ഥകൾ പ്രകാരമാണ്. യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് ബാധകമല്ല. വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള പ്രൊമോഷനുകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly